

# കാർഷിക നിയമത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവും കർഷകസമരത്തിന്റെ പശ്ചാത്തലത്തിൽ



ഒരു നൂറു വർഷം മുമ്പ്...........








**Issues of farmers in Champaran**

1. The major problem at Champaran in Bihar was of the Indigo planters.

2. The European planters forced the peasants to grow Indigo on 3/20th of the total land area (tin or teen-kathia system).

3. Peasants were also forced to sell their produce at the prices fixed by the Europeans.

4. When, the German synthetic dyes replaced indigo, the planters demanded for high rents and illegal dues from the peasants in order to maximise their profit.

# കാർഷിക നിയമങ്ങൾ 2020

- The Frmer's Produce Trade And Commerce (Promotion and Facilitation)

  (എപിഎംസിക്ക് പുറത്ത് കാർഷികോൽപന്നങ്ങളുടെ സ്വതന്ത്ര വിപണനവും വാണിജ്യവും സാധ്യമാക്കുന്നതിലേക്കായി)

- The Farmers (Empowerment and Protection) Agreement of Price Assurance
  (മുൻകൂർ വിലനിശ്ചയിച്ച് കരാർകൃഷിയിലേർപ്പെടാനും തർക്കപരിഹാരസംവിധാനത്തിനുമായി)

- Farm Services and The Essential Commodities (Amendment) Act

  ( സംഭരണവും അവശ്യവസ്തുക്കളും സംബന്ധിച്ച നിയമം മാറ്റുന്നതിലേക്കായി)

# പ്രഖ്യാപിത ലക്ഷ്യം

- സ്വകാര്യ നിക്ഷേപത്തിലൂടെയും ദേശീയ അന്തർദേശീയ വിപണിയുമായുള്ള ബന്ധത്തിലൂടെയും കാർഷിക വളർച്ചാ നിരക്ക് വർധിപ്പിക്കൽ
- വിലപേശലിനും സാങ്കേതികവിദ്യകളിൽ നിക്ഷേപത്തിനും അവസരമില്ലാത്ത ചെറുകിട കർഷകരെ സഹായിക്കൽ
- എപിഎം സി മണ്ഡികളിലൂടെയല്ലാതെ വില്പനക്കുള്ള അവസരമൊരുക്കൽ
- ഗതാഗതചെലവ് കുറച്ചും മത്സര സാധ്യതസൃഷ്ടിച്ചും കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കൽ
- ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ,എണ്ണകുരുക്കൾ, ഭക്ഷ്യഎണ്ണ, ഉള്ളി, ഉരുളകിഴങ്ങ് ഇവയെ അവശ്യവസ്തുവായി പരിഗണിക്കുന്നതിൽ നിന്ന് ഒഴിവാക്കൽ

# ആന്തരിക വീക്ഷണം

- വൻകിടസ്വകാര്യനിക്ഷേപം+ തുറന്ന വിപണി+ മത്സരം+നിയന്ത്രണമില്ലായ്മ-------->ഉത്പാദന വർധനവ്+ വളർച്ചാ നിരക്ക്+ ഏവർക്കും നേട്ടം
- സർക്കാർ ഇടപെടൽ+ നിയന്ത്രണങ്ങൾ---->കാര്യക്ഷമതയില്ലായ്മ

# ഈവിധം പരിശോധിക്കാം

- ചരിത്രപരമായ തിരിഞ്ഞുനോട്ടം
- നവലിബറൽനയം എന്തുമാറ്റം ഉണ്ടാക്കി
- എന്താണ് കാർഷികമേഖല ആവശ്യപ്പെടുന്നത്?
- എന്താണ് നിയമം?
- നിയമത്തിന്റെ പ്രത്യാഘാതങ്ങൾ?
- സാമ്പത്തിക രാഷ്ട്രീയ മാനങ്ങൾ

# സ്വാതന്ത്ര്യാനന്തര കാർഷിക രംഗം

- 70 ശതമാനം പേർക്കും കൃഷി ഉപജീവനമാർഗ്ഗം
- മഴയെ ആശ്രയിച്ച്
- പരമ്പരാഗത അറിവും രീതികളും മാത്രം
- കൃഷിഭൂമിയുടെ ഉടമസ്ഥത- 31 % ഭൂമിയും 4%, 50ശതമാനത്തിന് 9 ശതമാനം
- വായ്പക്കായി ഹുണ്ടികക്കാരും സ്വകാര്യ പണമിടപാടുകാരും
- നിരക്ഷരത
- ദാരിദ്ര്യം - ആവർത്തിച്ചുണ്ടാകുന്ന ഭക്ഷ്യ ക്ഷാമം

# നെഹ്രുവിയൻ സമീപനം(1950-90)

- ആസൂത്രണവും സർക്കാർ ഇടപെടലും
- അടിസ്ഥാന സൗകര്യം പൊതുമേഖലയിൽ
- ജലസേചനപദ്ധതികൾ
- ആധുനികവത്കരണം
- ഹരിത വിപ്ളവം- വിത്ത്, വളം, കീടനാശിനി,യന്ത്രങ്ങൾ
- കുറഞ്ഞ നിരക്കിലും കൂടിയ അളവിലും കാർഷിക വായ്പകൾ
- താങ്ങുവിലയും പൊതു വിതരണവും
- കാർഷിക രംഗത്തേക്കുള്ള സബ്സിഡികൾ
- നിയന്ത്രിത മാർക്കറ്റിംഗ്

**ആധുനികവൽകരണം+ സർക്കാർ പിന്തുണ, ഇടപെടൽ, സംരക്ഷണം--->**
**ഉയർന്ന ഉത്പാദനം---> ഉയർന്ന വരുമാനം---> ദാരിദ്ര്യ ലഘൂകരണം**

# മാർക്കറ്റിംഗ് സൗകര്യം

- റഗുലേറ്റഡ് മാർക്കറ്റുകൾ
- സഹകരണ മാർക്കറ്റുകൾ
- സർക്കാർ വിപണികൾ
- അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് പ്രൊഡ്യൂസ് കമ്മിറ്റി(മണ്ഡി)
- വേർഹൗസുകൾ- സൂക്ഷിക്കപ്പെടുന്ന ഉല്പന്നത്തിൻമേൽ വായ്പാസൗകര്യം ഉൾപ്പടെ

**വിളവെടുപ്പുകാലത്ത് വിലത്തകർച്ച**
**മറ്റവസരങ്ങളിൽ ഭക്ഷ്യക്ഷാമവും വിലക്കയറ്റവും-**
**മാറ്റിയെടുക്കാൻ വിപണിയിലെ സർക്കാർ ഇടപെടലിനായി**

# നെഹ്രുവിയൻ കാലഘട്ടം -പ്രധാന നേട്ടം

- **ജലസേചനത്തിലും ആധുനികവൽകരണത്തിലും മുന്നേറി**
- **കാർഷികോൽപാദനവും കരുതൽശേഖരവും വർധിച്ചു**







**ഭക്ഷ്യരംഗത്ത് സ്വയം പര്യാപ്തമായി**

# നെഹ്രുവിയൻ കാലഘട്ടം പരിമിതികൾ

- ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഭൂപരിഷ്കരണം നടന്നില്ല- കൃഷിഭൂമിയുടെ കേന്ദ്രീകരണം തുടർന്നു
- ഹരിത വിപ്ലവം-നേട്ടങ്ങൾ ചില പ്രദേശങ്ങളിലും സമ്പന്ന കർഷകരിലും
- ശാസ്ത്ര സാങ്കേതികജ്ഞാനം ജനങ്ങളിലേക്കെത്തിക്കാൻശ്രമിച്ചില്ല
- ഉത്പാദന വർധനവിനും ലഭ്യതയിലും മാത്രം ഊന്നി. വരുമാനം ഉറപ്പാക്കുന്നതിലും ഡിമാണ്ട് ഉയർത്തുന്നതിലും ശ്രദ്ധിച്ചില്ല
- പ്രാദേശിക അന്തരവും സവിശേഷതകളും അഭിസംബോധന ചെയ്യപ്പെട്ടില്ല-
- അധികാരം വികേന്ദ്രീകരിക്കപ്പെട്ടില്ല
- സാമൂഹ്യ അസമത്വങ്ങൾ അഭിസംബോധന ചെയ്തില്ല
- പരിസ്ഥിതി ആഘാതം പരിഗണിക്കപ്പെട്ടില്ല

# നിയോ ലിബറൽപരിഷ്ക്കാരങ്ങൾ

- ലോക വ്യാപാര സംഘടന
- കാർഷികോൽപന്നങ്ങളുടെ ഇറക്കുമതി, ഉല്പന്നങ്ങളുടെ വിലയിടിവ്
- കാർഷിക വായ്പ കുറഞ്ഞു, പലിശ നിരക്ക് കൂടി
- കാർഷിക സബ്സിഡികൾ അനുബന്ധ മേഖലകളിലേക്ക് വഴിതിരിച്ചു
- സർക്കാർ നിക്ഷേപം കുറഞ്ഞു
- കാർഷിക മേഖല ഉപജീവിക്കുന്നവരിൽ കുറവില്ല,ദേശീയ വരുമാന വിഹിതം പകുതിയായി
- ഗ്രാമീണമേഖലയിലെ അനുബന്ധപ്രവർത്തനങ്ങളും തകർന്നു

# ആഘാതങ്ങൾ

- ഉത്പന്ന വിലയിടിവ്
- കടബാധ്യതകൾ വർധിച്ചു
- തൊഴിലിനായുള്ള പാലായനം
- പട്ടിണി മരണം,കുപോഷണം,
- ആളോഹരി ഭക്ഷ്യ ലഭ്യതകൂടിയില്ല, എന്നിട്ടും കരുതൽശേഖരം വർധിച്ചു.
- കർഷക ആത്മഹത്യകൾ(1995-2016...330000)
- ഗ്രാമീണ സമ്പദ്ഘടനയുടെ തകർച്ച
- വരുമാനത്തിലെ അന്തരം ഭീകരമായി
- കാർഷികമേഖലയിൽ ജോലിചെയ്യുന്നവരുടെ വരുമാനം ഇതരമേഖലകളെ അപേക്ഷിച്ച് നിസ്സാരമായി

# കാർഷിക മേഖലയിൽ ചെയ്യേണ്ടത്

## സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട്-2006

- ഭൂപരിഷ്കരണം(11.24%ഭൂരഹിതർ,50 ശതമാനത്തിന് 3% , മുകൾതട്ടിലെ 10%ന് 54%)
- കാർഷികേതരആവശ്യങ്ങൾക്കായി മാറ്റുന്നത് തടയുക
- മിനിമം 1 ഏക്കർ എങ്കിലും ഭൂമിലഭ്യമാക്കണം
- National Land Use Advisory Service- കാലാവസ്ഥയടക്കമുള്ള മുന്നറിയിപ്പുകൾ
- ജലസേചനം-കിണർ റിചാർജിംഗ് ( 60ശതമാനം കൃഷിഭൂമിയും 45%ഉത്പാദനവും മഴയെ ആശ്രയിച്ച്), മെച്ചപ്പെട്ട ജലസേചനരീതികൾ
- ഉത്പാദനക്ഷമത- പൊതു നിക്ഷേപം-ശാസ്ത്രീയ വളപ്രയോഗം
- National Livestock Development Council
- ജൈവസ്രോതസ്സുകളുടെ സംരക്ഷണം

വരുമാനം ഉറപ്പിക്കാൽ+പൊതു ചുമതലയിൽ അടിസ്ഥാന സൗകര്യ വികസനം+സംരക്ഷണം

# സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട്-2006(തുടർച്ച)

- വായ്പാസംവിധാനം-പലിശ-വിള ഇൻഷുറൻസ്
- അനുബന്ധ ജീവനോപാധികൾ
- ഭക്ഷ്യ സുരക്ഷ (77% ഗ്രാമീണരും ആവശ്യത്തിന് ഭക്ഷണമില്ലാതെ)
- ജോലിക്ക് കൂലിഭക്ഷണം
- താങ്ങുവില-  (കൃഷിചെലവ്+ കുടുംബജോലി + പലിശ) *150%
- കാർഷിക സഹകരണസംഘങ്ങൾ, ഗ്രൂപ്പ് ഫാമിംഗ്
- നിയന്ത്രണങ്ങളോടെയുള്ള കരാർകൃഷി

# The Farmers Trade and Commerce (Promotion and Facilitation)Act2020

- APMC യുടെ സൗകര്യത്തിലും അവർ നോട്ടിഫൈ ചെയ്ത മാർക്കറ്റുകളിലും നിബന്ധനകൾക്കും വിധേയമായി  വില്ക്കണം എന്നതൊഴിവാക്കുന്നു
- സംസ്ഥാനത്തിനകത്തോ പുറത്തോ എവിടെയും കൊണ്ടുപോയി വില്ക്കാം
- പാൻകാർഡോ കേന്ദ്രസർക്കാർ നിർദേശിക്കുന്ന മറ്റ് രേഖകളോ ഉള്ള കമ്പിനികൾ, സ്ഥാപനങ്ങൾ, സൊസൈറ്റികൾ, സംഘടനകൾ ഇവയുമായി **ഇ ട്രേഡിംഗ്** നടത്താനുള്ള സൗകര്യം
- പുറം കച്ചവടത്തിനുമേൽ നികുതിയോ ലെവിയോ ഏർപ്പെടുത്തുന്നതിൽ നിന്ന് സംസ്ഥാന സർക്കാരിനെ വിലക്കുന്നു

# The Farmers(Empowerment and Protection)Agreement on Price Assurance and Farm Service Fact 2020

- ഏതൊരു കാർഷികവിളയുടെയും ഉത്പാദനമോ നടീലോ ആരംഭിക്കുന്നതിനു മുമ്പേതന്നെ വാങ്ങാനുദ്ദേശിക്കുന്നവരുമായി കരാറിലേർപ്പെടാം
- കരാറിന്റെ ചുരുങ്ങിയ കാലയളവ്  ഒരു വിളവെടുപ്പ് കാലം. പരമാവധി അഞ്ചുകൊല്ലമോ വിളവെടുപ്പ് കാലമോ.
- ഉത്പന്നത്തിന്റെ വിലയും മറ്റേതെങ്കിലും ചാർജ്ജുണ്ടെങ്കിൽ അതും അവ കണക്കാക്കിയ രീതിയും കരാറിൽ മുൻകൂട്ടി പറഞ്ഞിരിക്കണം
- തർക്കപരിഹാരത്തിനായി പ്രാതിനിധ്യസ്വഭാവത്തോടെയുള്ള ഒരു ബോഡുണ്ടാകും. തീർപ്പിൽ സംതൃപ്തമല്ല എങ്കിൽ സബ്ഡിവിഷനൽ മജിസ്ട്രേറ്റ് , അതിനും മീതെ അപ്പലെറ്റ് അതോരിറ്റി എന്നിങ്ങനെ അപ്പീൽ നല്കാം
- ഇതല്ലാതെ കോടതിയെ സമീപിക്കാനാവില്ല

# The Essential Commodities (Amendment) Act 2020

- 1955ലെ നിയമ പ്രകാം ഭക്ഷ്യവസ്തുക്കൽ, വളം,പെട്രോളിയം ഉത്പന്നങ്ങൽ ഇവയുടെ ഉത്പാദനം,വിപണനം, വിതരണം, വാണിജ്യം ഇവ നിയന്ത്രിക്കാനോ നിരോധിക്കാനോ ഉള്ള അവകാശം കേന്ദ്രസർക്കാരിനുണ്ട്. പുതിയ നിയമത്തിലൂടെ യുദ്ധം, ക്ഷാമം തുടങ്ങിയ അസാധാരണ സാഹചര്യമൊഴിച്ച് ഭക്ഷ്യഉൽപന്നങ്ങളിൽ മേൽപറഞ്ഞവയിൽ നിയന്ത്രണമേർപ്പെടുത്താൻ സർക്കാരിന് അധികാരമുണ്ടായിരിക്കില്ല.
- കാർഷികോൽപന്നങ്ങളുടെ സംഭരണപരിധിയും വിലവർധനവും തമ്മിൽ ബന്ധപ്പെടുത്തുന്നു. തൊട്ടു മുമ്പിലുള്ള ഒരുവർഷം സ്ഥിരമായി നില്ക്കുന്നതോ .ചില്ലറവില്പന വിലയിൽ കഴിഞ്ഞ അഞ്ചു വർഷത്തെ ശരാശരിയോ ഏതാണ് കുറവ്, അതിൽ നിന്ന് പഴം പച്ചക്കറികളിൽ 100 ശതമാനം വർധനവോ മറ്റുള്ളവയിൽ 50 ശതമാനം വർധനവോ ഉണ്ടായാൽ മാത്രമേ സംഭരണ നിയന്ത്രണം ഏർപ്പെടുത്താവൂ.

# താങ്ങുവില എന്നാൽ

- ഉല്പന്നങ്ങൾക്ക് ലഭിക്കാൻ സർക്കാർ ഉറപ്പ് നല്കുന്ന വില.
- Agricultural Costs and Prices Commission (CACP) ഓരോവർഷവും ഇത് നിശ്ചയിക്കുന്നു
- നിലവിൽ 24 വിളകൾക്കാണ് താങ്ങുവിലയുള്ളത്.
- കമ്പോളത്തിൽ ആ വിലയിൽ താഴെയാണ് വിലയെങ്കിൽ സർക്കാർ ഏജൻസികൾ താങ്ങുവിലയിൽ അത് മേടിക്കും

# അഗ്രിക്കൾച്ചർ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്മിറ്റി (APMC)

- 60കളിലും 70 കളിലുമായി സംസ്ഥാനസർക്കാരുകൾ പാസ്സാക്കിയ നിയമപ്രകാരം രൂപം കൊണ്ടത്
- കച്ചവടക്കാർ, കമ്മീഷൻ ഏജന്റുകൾ ,സ്വകാര്യവിപണികൾ-ഇവർക്ക് ലൈസൻസ് ഏർപെടുത്തികൊണ്ട് കാർഷികോൽപന്ന വിപണനത്തെ നിയന്ത്രിക്കുന്നു.
- മാർക്കറ്റ് ഫീയോ മറ്റ് ചാർജ്ജുകളോ ഏർപ്പെടുത്താനുള്ള അധികാരം
- വിപണനസൗകര്യത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ചുമതല
- ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരും അംഗങ്ങൾ
- 4000- ഓളം മണ്ഡികളും 3000 ഓളംഉപകേന്ദ്രങ്ങളും
- പുറത്തുള്ള കച്ചവടത്തിന് നിയന്ത്രണവും നികുതിയും

# APMC എങ്ങിനെ പ്രവർത്തിക്കുന്നു.

- കർഷകർ  എപിഎംസി യാഡിൽ കൊണ്ടുവരുന്ന കാർഷികോൽപന്നങ്ങൾ ലൈസൻസുള്ള കച്ചവടക്കാർ ലേലംവിളിച്ച് വാങ്ങുന്നു.
- സംഭരണവില ലഭിക്കുന്നില്ലെങ്കിൽ യാഡിലെ സർക്കാർ സംഭരണസംവിധാനങ്ങൾ അവ വാങ്ങും
- തലേദിവസം നടന്ന വില്പനയുടെ അളവും വിലയും കർഷകർക്ക് അറിയാനാവും

# പ്രയോജനങ്ങൾ

- വില, തൂക്കം ഇവയിലെ കൃത്യത ഉറപ്പാക്കുന്നു
- വില നിർണയം ഒരു പരിധിവരെ സുതാര്യം
- പുറം കച്ചവടങ്ങളിൽ കർഷകർ റഫറൻസ് പ്രൈസ് ആയി ഉപയോഗിക്കുന്നു
- താങ്ങുവില പ്രായോഗികമാക്കുന്നു
- ഭക്ഷ്യോൽപാദനം,സംഭരണം, വിതരണം സർക്കാർ നിയന്ത്രിത ശൃംഖല രൂപം കൊണ്ടു
- പരിമിതി- കൃഷിസ്ഥലത്തു നിന്ന് ഏറെ ദൂരമായതിനാൽ ബഹുഭരിപക്ഷം കർഷകർക്കും ഉല്പന്നം നേരിട്ട് എത്തിക്കാനാവുന്നില്ല

# APMC- MSP system of UP
# Study report in Business line13.5.2020

- 2019 ലെഖാരിഫ് സീസണിൽ ലക്ഷ്യം വെച്ചത് 50MMT- നേടിയത് 55 MMT
- എന്നാൽ ആകെയിൽ 5 % മാത്രം എം എസ്പി ഉയർന്ന വില നല്കുമെന്ന് ധാരണയുള്ളവർ
- 92 ശതമാനത്തിനും എം എസ്പി ഗുണകരമെന്ന അറിവ്
- 45 % മണ്ഡികളിലെ സർക്കാർ സംഭരണകേന്ദ്രത്തിൽ,22% മില്ലുടമകൾ ക്ക് ,17 % സഹകരണസംഘത്തിന്,11% സ്വകാര്യ കച്ചവടക്കാർ
- സർക്കാർ സംഭരണവില (നെല്ല് ടണ്ണിന്) Rs18350, സ്വകാര്യം-13500

# ബീഹാർ അനുഭവം

- 2006 ൽ എപി എംസി വേണ്ടെന്ന് വെച്ച സംസ്ഥാനം
- ഉണ്ടായിരുന്നത് മികച്ച സൗകര്യങ്ങളുള്ള 54 എണ്ണം ഉൾപ്പടെ 95 യാഡുകൾ
- 2004-05ൽ നികുതിയായി സമാഹരിച്ചത് 60 കോടി. അതിൽ 31% ഉം അടിസ്ഥാന സൗകര്യ വികസനത്തിന്
- എപിഎംസി ഇല്ലാതായതോടെ അവ അനാഥമായി
- ചോളത്തിന് താങ്ങുവില 1850 ഉണ്ടായിരുന്നപ്പോൾ ബിഹാർ കർഷകർക്ക് ലഭിച്ചത് 1000-1350 രൂപ
- അതേ ഉല്പാദനമുണ്ടായിരുന്ന മധ്യപ്രദേശിൽ 13 ദശലക്ഷം ടൺ ഗോതമ്പ് സംഭരിക്കപ്പെട്ടപ്പോൾ ബീഹാറിൽ 5000 ടൺ മാത്രം.
- 2018-19 ൽ 17500 ടൺ. ലക്ഷ്യത്തിന്റെ 1% പോലുമില്ല.

# APMC നിയമം -ആഘാതങ്ങൾ

- പഞ്ചാബിലും ഹരിയാനയിലും ഉത്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ 75 ശതമാനവും സർക്കാരാണ് സംഭരിക്കുന്നത്. അതില്ലാതായാൽ അവിടുത്തെ കർഷകർ വിപണിയുടെ ദയാദാക്ഷിണ്യത്തിന് കീഴ്പെടേണ്ടിവരും
- രാജ്യത്തെ ഭക്ഷ്യധാന്യോൽപാദനത്തിന്റെ പകുതിയോളം പഞ്ചാബും ഹരിയാനയുമാണ്. സർക്കാരിന്റെ ഭക്ഷ്യ സംഭരണം തകരുന്നതോടെ രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷ അപകടത്തിലാകും
- എപിഎംസിയിലൂടെയുള്ള വില്പനയില്ലാതാകുന്നതോടെ സംസ്ഥാന സർക്കാരിന്റെ നികുതി വരുമാനത്തിൽ വലിയ ഇടിവുണ്ടാവും. ആ നഷ്ടം കോർപറേറ്റുകളുടെ ലാഭമായി പരിണമിക്കും. സംസ്ഥാന സർക്കാരിന് പുതിയ നികുതി സാധ്യതകൽ അടിച്ചേൽപിക്കേണ്ടി വരും.

# കോൺട്രാക്റ്റ് ഫാമിംഗ് എങ്ങിനെ ബാധിക്കും?

- 85 ശതമാനം പേരും 5 ഏക്കറിൽതാഴെയുള്ള ചെറുകിട- മാർജിനൽ കർഷകർ - അവർപുറംതള്ളപ്പെടും
- ശേഷിയിലും കരുത്തിലും ഏറെ അന്തരമുള്ളവര് തമ്മിലുള്ള കരാർ
- കമ്പോളവിലകുറഞ്ഞാൽ ഗുണനിലവാരത്തിന്റെ പേരിൽ പിന്നീട് വിലകുറക്കാൻ സമ്മർദ്ദമുണ്ടായേക്കാം
- കമ്പോളവില കൂടിയാൽ കർഷകന് ഗുണമില്ല
- നാണ്യവിളകളിലേക്ക് പരിവർത്തനം
- ഭൂമിയുടെ ചൂഷണം പരമാവധിയാക്കുന്നതിന് സമ്മർദ്ദമുണ്ടാകും. പിന്നീട് ദോഷം ചെയ്യും

# സംഭരണനിയമത്തിലെ മാറ്റം

- പൂഴ്ത്തിവെപ്പിന് അനുമതി
- സംഭരണവിലയും വില്പനവിലയും വലിയ അന്തരം
- ഭക്ഷ്യവിലക്കയറ്റം
- ഭക്ഷ്യ പരാശ്രയത്വം

# പൊതു പ്രത്യാഘാതങ്ങൾ

- ഫെഡറലിസത്തെ തകർക്കുന്നു-കൃഷി സംസ്ഥാന അധികാരം
- കമ്പോളനീതിക്ക് കർഷകരെ എറിഞ്ഞു കൊടുക്കുന്നു.
- കരാർകൃഷി-അവർ ആവശ്യപ്പെടുന്ന വില- വാണിജ്യ വിളകളിലേക്ക്
- വീണ്ടും ഭക്ഷ്യ പരാശ്രയം?
- വിലക്കയറ്റം-ഇറക്കുമതി-വിദേശനാണ്യം-സാർവ്വത്രിക വിലക്കയറ്റം
- ആഗോളരാഷ്ട്രീയം-ഭക്ഷ്യോല്പന്നങ്ങളുടെ കയറ്റുമതിരാജ്യങ്ങളുടെ ദയാവായ്പിന് കാത്തിരിക്കണം

# യഥാർത്ഥ ലക്ഷ്യം

- നോട്ട് നിരോധനം, ജി എസ്ടി, ലോക്ക് ഡൗൺ, കോവിഡ് സാഹചര്യം- ഇവയാൽ തകർന്ന പോയ കമ്പോളത്തിൽ കോർപറേറ്റുകൾക്ക് സ്ഥിരതയുള്ള പുതിയ വിപണി ഒരുക്കൽ
- താങ്ങുവില ഇല്ലാതാക്കി കുറഞ്ഞ വിലക്ക് കാർഷികോൽ പന്നങ്ങൾ ലഭ്യമാക്കൽ
- കാർഷിക മേഖലയിൽ കോർപറേറ്റുകളെ സജീവമാക്കൽ
- ഭക്ഷ്യധാന്യങ്ങളിൽ നിന്ന് വാണിജ്യവിളകളിലേക്ക്
- കാർഷിക കോർപറേറ്റുകളെ വളർച്ചാ ചിഹ്നമാക്കാൻ

# Modi Govt-Way of Thinking

- During much of India’s economic dominance, the economy relied on the invisible hand of the market for wealth creation with the support of the hand of trust.
- The liberalization of the Indian economy support the economic model advocated in our traditional thinking
- The exponential rise in India’s GDP and GDP per capita post liberalisation coincides with wealth generation in the stock market
- Sectors that were liberalized grew significantly faster than those that remain closed
- The need for the hand of trust to support the invisible hand.

# സർക്കാരിന്റെ
# വികസന ലക്ഷ്യവും സമീപനവും

- വളർച്ചയാണ് പുരോഗതി.ലക്ഷ്യം 5 ട്രില്യൺ എക്കോണമി .
- കോർപറേറ്റുകളാണ് സമ്പത്ത് സൃഷ്ടിക്കുന്നത്
- വിപണിയിലെ മത്സരമാണ് അതിന് സഹായിക്കുന്നത്
- കമ്പോളത്തിന് വിധേയമാകാത്ത മേഖലയാണ് വളർച്ച മുരടിച്ചത്
- സർക്കാരിന്റെ ഇടപെടലുകൾ കമ്പോളത്തെ തളർത്തുന്നതും വികസനത്തെ മുരടിപ്പിക്കുന്നതുമാണ്

# വളർച്ചാ നിരക്കാണോ പുരോഗതി?

- 80 ശതമാനം സമ്പത്ത് 10 ശതമാനത്തിന്റെ കയ്യിൽ കേന്ദ്രികരിക്കപ്പെട്ട രാജ്യത്ത്  അതിസമ്പന്നരായ അവർ 10 ശതമാനം കണ്ട് വളരുകയും. ബാക്കി 90 ശതമാനം 20 ശതമാനം കണ്ട്  തളരുകയും ചെയ്താൽ ?
- സൗജന്യ സേവനം നല്കുന്ന പൊതു ഇടങ്ങൾ സ്വകാര്യവൽകരിച്ച് ഫീസ് ഏർപ്പെടുത്തുമ്പോൾ?!
- ഊഹക്കച്ചവടത്തിന്റെ ഫലമായി ആസ്തികളുടെ വില വർധിച്ചാൽ ? മയക്ക് മരുന്ന്, കപടശാസ്ത്രം,  വിശ്വാസ കച്ചവടം...?
- പിരിസ്ഥിതിക തകർച്ചയുള്ള  വികസനപ്രവർത്തങ്ങൾ?

# വിപണിയുടെ മാന്ത്രികത?

- ചുരുങ്ങിയ വിലക്ക് സാധനം ലഭ്യമാകാൻ വിപണിയിലെ മത്സരം സഹായിക്കും എന്നാണ് കൺസ്യൂമർ ആയി എത്തുമ്പോൾ നമ്മോട് പറയുക.
- കൂടുതൽ വിലക്ക് സാധനം വിൽക്കാൻ വിപണിയിലെ മത്സരം സഹായിക്കും എന്നാണ് ഉത്പാദകനായി എത്തുമ്പോൾ നമ്മോട് പറയുക.
- വിപണിവില നിശ്ചയിക്കപ്പെടുന്നത് എത്രപേർ വാങ്ങാനുണ്ട് എന്നത് മാത്രമല്ല, എത്രപേർ വിൽക്കാനുണ്ട് എന്നതും ഘടകമാണ്
- കമ്പോളത്തെ കുറിച്ചുള്ള അറിവ്, കാത്തു നിൽക്കാനുള്ള ശേഷി,അനുബന്ധ മേഖലകളിലെ നിയന്ത്രണം,രാഷ്ട്രീയസ്വാധീന ശേഷി എന്നിവയുംപ്രധാനമാണ്.

# സർക്കാർ ഇടപെടൽ

## എന്തിന്?

- സർക്കാർ ഇടപെടലുകൾ കരുത്തരുടെ താല്പര്യത്തിൽ നിന്ന് ദുർബലരെ സംരക്ഷിക്കലാണ്.
- സാമൂഹ്യവും പാരിസ്ഥിതികവുമായ പൊതു താപര്യങ്ങൾ സംരക്ഷിക്കാനാണ്
- സർക്കാരിന് ലഭ്യമാകുന്ന വരുമാനം പൊതുനിക്ഷേപങ്ങൾക്കും ക്ഷേമപ്രവർത്തനങ്ങൾക്കും
- ഏതുമേഖലയിലെയും പൊതുനിക്ഷേപം വളർച്ചയുടെ മുന്നുപാധി
- സർക്കാരിന്റെ പിൻമാറ്റം ഇവയെല്ലാം അപകടപ്പെടുത്തുകയാണ് ചെയ്യുക

# കോർപറേറ്റ് വളർച്ചക്ക് പിന്നിൽ

- അസന്തുലിതമായ മത്സരത്തിലൂടെ ചെറുകിടക്കാരെ തകർത്തുകൊണ്ട്
- ഉപഭോഗപരത വർധിപ്പിച്ച് കൃത്രിമ ഡിമാണ്ടുകൾ ഉണ്ടാക്കി (ഉദാ-സ്വകാര്യ കാറുകൾ)
- പൊതുമേഖലയെ സർക്കാരിന്റെ വിറ്റഴിക്കലിലൂടെകൈപ്പിടിയിലാക്കി
- പ്രകൃതി വിഭവങ്ങൾ ചുളുവിലക്ക് നേടി
- നികുതി ഇളവുകളിലൂടെ
- വായ്പകൾ എഴുതിതള്ളി
- കുറഞ്ഞ കൂലിക്ക് ദിവസവേതനക്കാരെ ലഭ്യമാക്കി
- കുറഞ്ഞ വിലക്ക് കാർഷികോല്പന്നങ്ങൾ ലഭ്യമാക്കി
- സർക്കാർ നിക്ഷേപങ്ങളും ബാങ്ക് നിക്ഷേപവും വഴിതിരിച്ച് ഊഹക്കച്ചവടത്തിലൂടെ ഓഹരി വില ഉയർത്തി.....

# അധ്വാനം സമ്പത്ത്

- മനുഷ്യന്റെ ശാരീരികവും മാനസികവുമായ അധ്വാനമാണ് സമ്പത്ത് സൃഷ്ടിക്കുന്നത്
- ഉത്പാദനഉപാധികളുടെ മേലുള്ള ആധിപത്യത്തിലൂടെയും അസന്തുലിതമായ മത്സരത്തിലൂടെയും ദുർബലരിൽ നിന്ന്  സമ്പത്തിനെ സമാഹരിക്കലാണ് മേധാവിത്വമുള്ളവർ ചെയ്യുന്നത്
- ഗ്രാമത്തെക്കാൾ നഗരവും കാർഷികമേഖലയെക്കാൾ സേവനമേഖലയും കീഴ് തൊഴിൽ ചെയ്യുന്നവരെക്കാൾ മേൽ തൊഴിൽ ചെയ്യുന്നവരും സമ്പന്നമാകുന്ന പ്രക്രിയ ഇതാണ്
- സേവനമേഖലയിലെ ഉയർന്ന വരുമാനത്തിന് കാരണം കോർപറേറ്റുല്പന്നങ്ങളുടെ സ്ഥിരതയുള്ള വിപണിക്കായി
- കോർപറേറ്റുകൾക്ക്  സമ്പത്ത് സമാഹരണത്തിലൂടെ മൂലധനവർധനവിന് പുതിയ പുതിയ മേഖലകൾ അനിവാര്യമാണ്

# വേണം ബദൽ വികസന കാഴ്ചപ്പാടും

- ജനങ്ങളുടെയാകെ ക്ഷേമത്തിലൂന്നിയ വികസനമാണ് വേണ്ടത്
- അടിസ്ഥാനാവശ്യങ്ങൾ ഏവരുടെയും നിറവേറ്റപ്പെടണം
- ഏവർക്കും തൊഴിലും വരുമാനവും ഉറപ്പാക്കണം
- പിന്തള്ളപ്പെട്ടുന്നവർക്ക് മുന്നേറാൻ സർക്കാർപിന്തുണ നല്കണം
- വേണ്ടത് പ്രകൃതിക്ക് ഇണങ്ങിയ സുസ്ഥിര വികസനം
- സാമ്പത്തികവും സാമൂഹ്യവും ലിംഗപരവുമായ അന്തരം കുറയണം

ശാസ്ത്രബോധം ,മാനവികത, ജനാധിപത്യം, വികേന്ദ്രീകരണം



# കർഷകസമരത്തോട് ഐക്യപ്പെടുക

By T K Devarajan
KSSP